[Mr. P. K. Krishnan Sastri.]

(ബി) ഉണ്ട്. പരാതികൾ ലഭിക്കാറുണ്ട്. അതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിക്കാറും ഉണ്ട്.

MR. P. K. KRISHNAN SASTRI : മുനിസിപ്പാലിറ്റി നിയമനങ്ങൾ പബ്ലിക്കുസർവീസ് രൂം അനുസരിച്ചാണോ നടത്തുന്നത് എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : എല്ലാം അങ്ങനെയാണെന്നു പറയാൻ പാടില്ല.

അവശസമുദായവും ഭൂമിപതിവും.

233. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*) : വിളവങ്കോട്താലൂക്കിൽ, അവശസമുദായക്കാർക്കു സൗജന്യനിരക്കിൽ പതിച്ചു നൽകാൻ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങളിൽ ഏതെങ്കിലും ഭാഗം ഇതരസമുദായക്കാർക്ക് നൽകി പതിവു നടത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അത് ആർക്കെല്ലാം എന്നും, എത്ര ഏക്കർ, സെൻറ് ഭൂമി യെന്നും പറയാൻ മേവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഇല്ല. അതുകൊണ്ട് രണ്ടാമത്തെ ചോദ്യം ഉദിക്കുന്നില്ല.

MR. T. T. KESAVAN SASTRI : അവിടെ ഇയർമാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങളും ഉണ്ടോ?

HON'BLE MR. G. RAMACHNADRAN : അതിനു നോട്ടീസ് വേണം.

Vazhoor-Mutholy Road.

254. MR. P. T. CHACKO (*Kottayam II—General*) : Will the Honourable Minister for Public works be pleased to state :

(*a*) whether the Vazhoor-Mutholy road was maintained in the year 1123;

(*b*) the amount sanctioned for its maintenance? and

(*c*) whether the road is cartable at present?

HON'BLE MR. A. ATCHUTHAN : (*a*) Yes;

(*b*) Rs. 6,203 and

(*c*) Yes.

MR. P. T. CHACKO : ഈ റോഡിൽക്കൂടി ഒരു ബസ്സ് സർവ്വീസ് ഉണ്ടായിരുന്നു എന്നും ഇപ്പോൾ റോഡു ഗതാഗതസൗകര്യം അല്ലാത്തതിനാൽ ആ സർവ്വീസ് ബസ്സ് നിറുത്തൽ ചെയ്യുവാൻ ഇടയായി എന്നും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN : വർഷകാലത്ത് ആ റോഡിൽ ഒന്നാംമൈൽ മുതൽ മുന്നാംമൈൽവരെ വെള്ളം കയറും. അതുകൊണ്ട് റോഡ് ചെളികെട്ടി കിടക്കും എന്നുള്ളതിനാൽ ബസ്സ് സർവ്വീസ് നിറുത്തിയിരിക്കുന്നു.

MR. P. T. CHACKO : അവിടെ വെള്ളം കയറുകയല്ല ചെയ്യുന്നത്, മഴവെള്ളം കെട്ടിക്കിടക്കുകയാണ് ചെയ്യുന്നത് എന്നറിയാമോ ?

HON'BLE MR. A. ATCHUTHAN : മഴ പെയ്യുമ്പോൾ മഴവെള്ളം കയറി ചെളി ഉണ്ടാകും. അതു പരിഹരിക്കുന്നതിനുവേണ്ടി കാൺട്രാക്ടിനു ടെൻഡർ അയച്ചിട്ടുണ്ട്.

വിചാരണകൂടാതെ തടവിലുള്ളവർ.

235. MR. MOHAMMAD MUSTAFA (*Pathanapuram—Muslim Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സഭ മറുപടി പറയുമോ ?

(എ) തിരുവിതാംകൂറിലെ പോലീസ് lock-up കളിലും, ജയിലുകളിലും ഇപ്പോൾ അകെ എത്രപേരെ വിചാരണകൂടാതെ തടവിൽ വച്ചിട്ടുണ്ടെന്നു പ്രസ്താവിക്കാമോ ?

(ബി) ഇവരുടെ മേൽ നിയമപ്രകാരം കേസ്സെടുത്തു വിചാരണ നടത്താതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ? ഉണ്ടെങ്കിൽ എന്ത് ?

HON'BLE MR. A. THANU PILLAI : (എ) സെൻട്രൽ ജയിലിൽ ൨൦ പേരും തുറനാട്ട് ചെപ്പർ കോളനിയിൽ ഒരാളും ഉണ്ട്. lock-up കളിൽ വിചാരണകൂടാതെ ആരെയും തടവിൽ വച്ചിട്ടില്ല.

(ബി) ഉണ്ട്.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) : Sir, on a point of order. ഈ ചോദ്യത്തിന് ഒന്നരണ്ടു ദിവസം മുമ്പരം പറഞ്ഞിട്ടുണ്ട്. അതിനാൽ ഒരിക്കൽ ഉത്തരം പറയുന്ന ചോദ്യങ്ങൾ വീണ്ടും ചോദിക്കുന്നതു സമയം നഷ്ടപ്പെടുത്താമെന്നല്ലാതെ പ്രയോജനമില്ലായെന്നാണ് എനിക്കു അറിയിക്കുവാനുള്ളതു.

MR. PRESIDENT : ഇങ്ങനെയുള്ള ചോദ്യങ്ങൾ എല്ലാം ഒരേ സമയത്തുതന്നെ ചോദിച്ചു ഉത്തരം പറയുന്നതു നന്നായിരിക്കും.

HON'BLE MR. A. THANU PILLAI : അവർ സമാധാനം പരിപാലിക്കാൻ സാധിക്കാതെയുള്ള പ്രവൃത്തികൾ ചെയ്കയാലാണ് തടങ്കലിൽ വച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly